**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 822** **17-09-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോടനുബന്ധിച്ച് റെയിൽ തുരങ്കപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോടനുബന്ധിച്ച് റെയിൽ തുരങ്കപാത നിർമ്മാണത്തിനുള്ള അടങ്കൽ തുക എത്രയെന്ന് വിശദമാക്കുമോ; നിർദ്ദിഷ്ട തുരങ്ക പാതയുമായി ബന്ധപ്പെട്ട് പരിസ്ഥിതി സാമൂഹിക ആഘാത പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) | വിഴിഞ്ഞം അന്തരാഷ്ട്ര തുറമുഖത്തോടനുബന്ധിച്ച് റെയിൽ തുരങ്കപാത നിർമ്മാണത്തിനുള്ള അടങ്കൽ തുക 1482.92 കോടി രൂപയാണ്.<br><br>റെയിൽവേ പദ്ധതിയുടെ നിർമ്മാണം തുറമുഖ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണെങ്കിലും വിവിധ പഠനങ്ങളും പരിശോധനകളും നടത്തി പദ്ധതിക്ക് പാരിസ്ഥിതികാനുമതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിനായി പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടതനുസരിച്ച് ചുവടെപ്പറയുന്ന ആഘാതങ്ങളും അപകട സാധ്യതകളും ബന്ധപ്പെട്ട മേഖലകളിൽ പ്രാവീണ്യമുള്ള ഏജൻസികൾ മുഖേന നടത്തിയിട്ടുണ്ട്.<br><br>1. ഗ്രൗണ്ട് സബ്സിഡൻസ് സാധ്യത പഠനം – CIMFR, ഡെറാഡൂൺ.<br>2. ബ്ലാസ്റ്റിംഗ് ആഘാത പഠനം – CIMFR, ഡെറാഡൂൺ.<br>3. ട്രെയിൻ ട്രാഫിക് നീക്കം മൂലമുള്ള പ്രശ്നങ്ങൾ – CIMFR, ഡെറാഡൂൺ.<br>4. ഹൈഡ്രോളജിക്കൽ പഠനം – GWD.<br>5. ജിയോളജിക്കൽ, പഠനം – CMD.<br>6. വെള്ളപ്പൊക്ക അപകട സാധ്യതാ പഠനം – CET. |
| (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോടനുബന്ധിച്ച് ഉപരിതലത്തിലൂടെ റെയിൽപാത നിർമ്മിക്കുവാൻ എസ്റ്റിമേറ്റും ഡി.പി.ആറും തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയെന്ന് വിശദമാക്കുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ഏറ്റവും അടുത്തുള്ള ദക്ഷിണ റെയിൽവെയുടെ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന തിനുള്ള DPR തയ്യാറാക്കുന്നതിനായി വിവിധ ഏജൻസികളെ കൊണ്ട് പഠനം നടത്തുകയും 2018 ൽ കൊങ്കൺ റെയിൽ കോർപ്പറേഷനെ DPR തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തി MoU ഒപ്പുവയ്ക്കുകയും ചെയ്തു. ഇതിനെ തുടർന്ന് 2019 ൽ തുറമുഖത്തിനെ ദക്ഷിണ റെയിൽവേയുടെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി |

| | | | |
|---|---|---|---|
| | | | ബന്ധിപ്പിക്കുന്ന ഭൂഗർഭ പാതയുടെ DPR തയ്യാറാക്കി ദക്ഷിണ റെയിൽവെയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും 16/03/2022 ന് റെയിൽവേ അംഗീകാരം നൽകുകയും ചെയ്തു. 20/03/2025 ന് ഈ പദ്ധതിക്ക് സംസ്ഥാന സർക്കാർ 1482.92 കോടി രൂപയുടെ ഭരണാനുമതി നൽകി. |
| (സി) | തുരങ്ക പാതയുമായി ബന്ധപ്പെട്ട വിവരങ്ങൾ ജനപ്രതിനിധികളുമായോ പാത കടന്നുപോകുന്ന പ്രദേശങ്ങളിലെ റസിഡൻസ് അസോസിയേഷനുകളുമായോ ചർച്ചകൾ നടത്തുകയോ ഡി.പി.ആർ. പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി VISL, KRCL ലുമായി ഏകോപിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രാദേശിക സമൂഹത്തെ ബോധവൽക്കരി ക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനായി KRCL ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജന പ്രതിനിധികൾ വിഴിഞ്ഞം ഇടവക പ്രതിനിധികൾ എന്നിവരുമായി പദ്ധതി സംബന്ധിച്ച ആശയ വിനിമയം നടത്തി വരുന്നു. കൂടാതെ, ബോധവൽക്കരണത്തിന് സഹായകരമാകുന്ന ത്രിമാന ആനിമേഷൻ വീഡിയോ തയ്യാറാക്കി വരുന്നു. ജനങ്ങളുടെ ആശങ്കകളും, സംശയങ്ങളും ദൂരീകരിക്കുന്നതിനാവശ്യമായ വിദ്യാഭ്യാസപരമായ വീഡിയോകളുടെയും അനുബന്ധ സാമഗ്രികളുടെയും നിർമ്മാണം നിലവിൽ നടന്നുവരികയാണ്. |
| (ഡി) | തുരങ്കപാതയുടെ പ്രവേശന കവാടം ജനവാസ മേഖലയിലൂടെയാണോ കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ജനവാസ മേഖല ഒഴിവാക്കി പ്രവേശന കവാടം സജ്ജീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | (ഡി) | ബാലരാമപുരം റെയിൽവേ സ്റ്റേഷൻ, പോർട്ട് എന്നിവയുടെ കിടപ്പ് പരിശോധിച്ച് ജനവാസ മേഖല കഴിയുന്നത്ര ഒഴിവാക്കിയാണ് നിലവിൽ റെയിൽപ്പാത വിഭാവനം ചെയ്തിരിക്കുന്നത്. റെയിൽവേയുടെ കർശന നിബന്ധനകൾക്ക് വിധേയമായിട്ടാണ് റെയിൽപ്പാത വിഭാവനം ചെയ്തിരിക്കുന്നത്. |
| (ഇ) | തുരങ്കപാതയുടെ ഉപരിതലത്തിൽ നോ ഡെവലപ്മെൻറ് സോൺ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിന് എത്ര മീറ്റർ വീതിയാണെന്ന് വിശദമാക്കുമോ? | (ഇ) | സാധാരണഗതിയിൽ ഉപരിതല റെയിൽപ്പാതയുടെ മധ്യത്തിൽ നിന്നും ഇരുവശങ്ങളിലുമായി 37.5 മീറ്റർ (മൊത്തം 75 മീറ്റർ) വീതിയിൽ നോ ഡെവലപ്മെന്റ് സോൺ ആവശ്യമായി വരുന്നു.<br><br>എന്നാൽ തുരങ്കപാതയുടെ ഇരുവശങ്ങളിലുമായി ഏകദേശം 15 മീറ്റർ വീതിയിൽ (മൊത്തം 30 മീറ്ററിൽ) നിയന്ത്രണങ്ങളോടു കൂടിയ നിർമ്മാണ പ്രവൃത്തികൾ നടത്താനാകും. ഇതിനായി ഇരുവശങ്ങളിലും കൂടി 50 മീറ്റർ (മൊത്തം 100 മീറ്റർ) വീതിയിൽ ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകാരം വാങ്ങേണ്ടതായിട്ടുണ്ട്. നോ ഡെവലപ്മെന്റ് സോൺ എന്നതിനുപകരം നിയന്ത്രിത നിർമ്മാണ മേഖല എന്നാകും ഇവിടെ ഉണ്ടാവുക. |

സെക്ഷൻ ഓഫീസർ